The Malankara Orthodox Syrian Church.

[CATHOLICATE FUND.]

ഒരു അഭ്യർത്ഥന.

ഇതിനെ സശ്രദ്ധം വായിച്ചു തന്നെത്താൻ ഈ കാര്യത്തിൽ ഭാഗഭാക്കാകുകയും സ്നേഹിതന്മാരെ ഇതിലേക്കു സംഭാവനചെയ്യാൻ ഉത്സാഹിപ്പിക്കുകയും ചെയ്തു നമ്മുടെ സഭാമാതാവിനോടുള്ള കടമയെ നിറവേററുക.

REMEMBER.

The truth of the good old maxim "B*is dat qui cito dat*" (He gives twice who gives at once) and the Indian proverb "He who gives water unasked gives, not water but milk."

Printed at
The Bethany Printing House,
Tiruvalla.
1112.

ഒരു അഭ്യർത്ഥന.

(ക്ഷമയോടു വായിച്ചു ഗാഢമായി ചിന്തിക്കണമെ)

ആമുഖം.

മാന്യ സഹോദരന്മാരെ! സഹോദരിമാരെ!

നമ്മുടെ രക്ഷിതാവും നാഥനുമായ മ്ശിഹാതമ്പുരാന്റെ അന്ത്യ കല്പന അനുസരിച്ച് വിശുദ്ധ ശ്ലീഹന്മാർ ഓരോരുത്തരും തന്റെ വാഗ്ദത്തപ്രകാരമുള്ള ആശ്വാസപ്രദനെ പ്രാപിച്ച് ജ്ഞാനത്തിലും ദൈവാശ്രയത്തിലും മുഴുകിയവരായി തന്റെ സുവിശേഷവെളിച്ചത്തെ ലോകത്തിന്റെ നാനാഭാഗത്തും പ്രചരിപ്പിച്ച് ഇരുളായിരുന്ന ലോകത്തെ വെളിച്ചത്തിലേക്ക് ആനയിക്കുവാൻ സന്നദ്ധരാകവെ, കിഴക്കൊക്കെയുടെയും സുവിശേഷകനായി ക്രിസ്താബ്ദം നാല്പതാമാണ്ടിടയ്ക്കു വിശുദ്ധ മാർ തോമ്മാശ്ലീഹാ പുറപ്പെട്ട് തീഗ്രീസ്, സെലൂക്യാ, ററസിഫോൺ മുതലായി പേർഷ്യാസാമ്രാജ്യത്തിന്റെ കേന്ദ്രസ്ഥാനങ്ങളിൽ സഭ സ്ഥാപിച്ചശേഷം എ. ഡി. ൫൨-ൽ മലങ്കരയിൽ എത്തി ഇവിടെയും സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ഒരു ക്രൈസ്തവസഭയ്ക്കു അത്യന്താപേക്ഷിതമായ അപ്പോസ്തോലിക പിന്തുടർച്ചയ്ക്കും അതിൽ അന്തർലീനമായ ക്രിസ്തീയവും കാതോലീകവുമായ വളർച്ചയ്ക്കും വേണ്ട ഏർപ്പാടുകൾ ചെയ്തശേഷം മയിലാപ്പൂരിൽവച്ച് രക്തസാക്ഷിയായി മരിക്കുകയും ചെയ്തതായിട്ടാണല്ലൊ അന്നുമുതൽ ഇന്നയോളമുള്ള നമ്മുടെ പൂർവ്വീകന്മാരും അതിനെ തുടർന്ന് ഇന്ന് നാമും പരമ്പരയാ വിശ്വസിച്ചുപോരുന്നത്. ധാരാളം ചരിത്രരേഖകൾ ഇതിനെ സാക്ഷീകരിച്ച് ദൃഢപ്പെടുത്തുന്നുമുണ്ട്.

ഇങ്ങനെ വിശുദ്ധ ശ്ലീഹായാൽ സ്ഥാപിച്ച അപ്പോസ്തോലീക വിശ്വാസം, പാരമ്പര്യം, കൈവപ്പ്, എന്നിവ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം അന്യൂനമായി പാലിച്ചുവരികയും ആ കാലങ്ങളിൽ പലപ്പോഴും നടത്തിയിട്ടുള്ള ആകമാന സൂന്നഹദോസുകളിലേക്ക് നമ്മുടെ പ്രതിനിധികളെ ക്ഷണിക്കപ്പെടുകയും അങ്ങ

നെ നാം പ്രതിനിധികളെ അയച്ചും ഇംഗ്ലണ്ട് മുതലായി അന്നു അറിയപ്പെട്ടിട്ടുള്ള ഏററവും വിദൂരമായ രാജ്യങ്ങളിൽനിന്നു തീൎത്ഥയാത്രക്കാർ വന്നും മററും ലോകത്തിലെ മററു സഹോദരീസഭകളുമായി ഐക്യബന്ധത്തിൽ നാമും കഴിഞ്ഞുകൂടി വരവെ രാഷ്ട്രീയപ്രതിബന്ധങ്ങളാലും മററും നമ്മുടെ അപ്പോസ്തോലിക പിൻതുടച്ച കാനോനികമായി തുടൎന്നുപോരുന്നതിനു സാധിക്കാതെ വന്നേക്കുമോ എന്നുള്ള നമ്മുടെ പൂൎവ്വീകന്മാരുടെ ആകുലാലട്ടങ്ങളിലെല്ലാം തീഗ്രീസിലെ പരിശുദ്ധ കാതോലിക്കാമാരുടേയും അന്ത്യോഖ്യായിലെ പാത്രിയൎക്കീസന്മാരുടേയും സഹായസഹകരണങ്ങൾ വഴിയായും നമ്മുടെ ഒട്ടുവളരെ പണം ചെലവഴിച്ചും നമ്മുടെ പൂൎവ്വീകന്മാർ അതിനെ നിലനിൎത്തി പോരികയും ഒടുവിൽ കൊല്ലവൎഷം ൧൦൮൮-ൽ അന്ത്യോഖ്യായിലെ സിറിയൻ ഓൎത്തഡോക്സ് സഭയുടെ കാനോനിക പാത്രിയൎക്കീസും പരിശുദ്ധനുമായിരുന്ന നി. വ. ദി. മ. ശ്രീ. മോറാൻ മാർ ഇഗ്നാത്തിയോസ് അബ്ദെദ്മ്ശിഹാ പാത്രിയൎക്കീസുബാവാ തിരുമനസ്സുകൊണ്ട് നമ്മുടെ അപേക്ഷപ്രകാരം ബഹുമുഖങ്ങളായ പ്രാതികൂല്യങ്ങളെയും വാൎദ്ധക്യത്തിനടുത്ത അസ്വാസ്ഥ്യങ്ങളേയും വകവയ്ക്കാതെ മലയാളത്ത് എഴുന്നെള്ളി ഇവിടുത്തെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സഹായസഹകരണത്തോടുകൂടെ, അന്നു കണ്ടനാട്ടു മുതലായ ഇടവകകളുടെ മെത്രാപ്പോലീത്താ ആയിരുന്ന മാർ ഈവാനിയോസിനെ * തീഗ്രീസിന്റെയും കിഴക്കൊക്കെയുടേയും കാതോലിക്കാ ആയി ഇവിടെ വാഴിക്കുകയും അങ്ങനെ കിഴക്കിന്റെ കാതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുകയും അതിന്റെ പുകഴ്ച്ചയ്ക്കും പുഷ്ടിക്കുമായി രണ്ടു മെത്രാപ്പോലീത്തന്മാരെക്കൂടെ ഇവിടെ വാഴിക്കുകയും അതിന്റെ തുടൎച്ചയ്ക്കു വേണ്ട കല്പനയും മററു പിടിപാടുകളും തരികയും അങ്ങനെ അനേക നൂററാണ്ടുകളായി നാമും നമ്മുടെ പൂൎവ്വീക പിതാക്കന്മാരും ആഗ്രഹിച്ച അതിലേക്കു വേണ്ട ആളും അൎത്ഥ

---

* ഈ തിരുമേനി മലങ്കര ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്നു പരേതനായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, പരുമല കാലംചെയ്ത പുണ്യശ്ലോകനായ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ മുതലായവരുടെ സമകാലീനനും മുറിമററത്തു മെത്രാച്ചനെന്നും, മുറിമററത്തു ബാവാ എന്നും ബഹുജനങ്ങളുടെ ഇടയിൽ അറിയപ്പെട്ടിരുന്ന ദേഹവുമാണെന്ന് അറിയാമല്ലൊ.

വും ചെലവഴിച്ചു അമൂല്യനിധി നമ്മുടെ ഏവരുടേയും കാലത്തു മലങ്കരസഭയ്ക്കു കിട്ടുകയും ചെയ്തു.

നമുക്കു കിട്ടിയ നിധി.

നമുക്കു കിട്ടിയ ഈ നിധി എന്തെന്നും അതിന്റെ മാഹാത്മ്യം എത്രമാത്രമെന്നും മററുമുള്ള സംഗതികൾ സഭാചരിത്ര പട്ടക്കൾക്കു നല്ലതുപോലെ അറിയാമെങ്കിലും സാധാരണക്കാർക്ക് എത്രകണ്ട് ഇതിന്റെ മാററ് മനസ്സിലായിട്ടുണ്ടെന്ന് അറിയുന്നില്ല. ഈ ചുരുങ്ങിയ പ്രകടനപത്രിക വഴിയായി ആയത് എങ്ങനെ വിസ്തരിച്ചു മനസ്സിലാക്കേണ്ടു എന്നും അറിയുന്നില്ലാ. എങ്കിലും താഴെ പറയുന്ന രണ്ടു സംഗതികൾ കൊണ്ട് അവക്ക് അതു സംബന്ധിച്ച് ഏതാണ്ടൊരു വെളിച്ചം കിട്ടുമെന്നു തോന്നുന്നു.

൧. പുറകിൽ ബ്രിട്ടീഷ് രാജാധികാരസ്വാധീനമുള്ളതും അതിലെ അംഗങ്ങളുടെ സംഖ്യാബലം കൊണ്ടും ലോകത്തിന്റെ എല്ലാപ്രധാനസ്ഥാനങ്ങളിലും പടന്നു പിടിച്ചു കിടക്കുന്നതുമായ ആംഗ്ലേയ സഭയുടെ പോലും പട്ടത്വം ഇതേവരെ അംഗീകരിക്കാത്ത റോമൻ കത്തോലിക്കു സഭ, കാതോലിക്കായിൽ നിന്നും പട്ടമേററ മെത്രാനേയും, മെത്രാപ്പോലീത്തായേയും, പട്ടക്കാരേയും അഴിച്ചു പട്ടം കൊടുക്കാതെ അവരവരുടെ സ്ഥാനവലിപ്പത്തിൽ അവരെ ആ സഭയിൽ സ്വീകരിച്ചതിൽ കൂടുതലായി ഈ സ്ഥാനമാഹാത്മ്യത്തിന് എന്തു് തെളിവാണു വേണ്ടതു്?

൨. പല കാരണങ്ങളാലും ഇന്നു ക്രൈസ്തവസഭകളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന റോമൻകത്തോലിക്കസഭയുടെ പരമാധികാരിയായ മാർ പാപ്പാതിരുമേനിയെപ്പററി "Even the Pope is an unbaptised heretic" (മാർ പാപ്പാപോലും ജ്ഞാനസ്നാനമേൽക്കാത്ത ഒരു വേദവിപരീതി മാത്രമാണ്) എന്നു പറഞ്ഞു ആ സഭയുടെ കൈവപ്പിനേയും ക്രൂദാശകളേയും അംഗീകരിക്കാത്ത യവ്വനായ സഭക്കാരുടെ വിശുദ്ധ സുന്നഹദോസുകളുടെയും നമ്മുടെ കാതോലിക്കാ സ്ഥാപനത്തേയും അതുവഴിയായി പട്ടംകെട്ടപ്പെട്ടിട്ടുള്ള വന്ദ്യ തിരുമേനിമാരുടെ പട്ടത്വത്തെയും സ്വീകരിക്കുന്നതായി അവരുടെ പ്രതിനിധി എന്ന നിലയിൽ, കഴിഞ്ഞ ഏ

താന്നംകൊല്ലങ്ങളായി നമ്മുടെ ഇടയിൽ താമസിച്ചുവരുന്ന വന്ദ്യ ദിവ്യശ്രീ ആച്ച്ിമൺട്രെറു് അൻഡ്രോണിക്ക് എന്ന റഷ്യൻ സന്യാസി പട്ടക്കാരൻ പേരുവച്ചു് മലയാള മനോരമയിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിയിരുന്ന കുറിപ്പു ബഹുജനങ്ങൾക്കു മതിയായ മറ്റൊരു തെളിവായിരിക്കുമല്ലോ. ഇതുപോലെ പലതും പറവാനുണ്ടെങ്കിലും വിസ്താരഭയത്താൽ ചുരുക്കുന്നു.

ഇങ്ങനെ "മാറേറവും മാണിക്കക്കല്ലു്" എന്ന നിലയിലിരിക്കുന്ന ഈ ദിവ്യസമ്പത്തു "പന്നിയുടെ മുമ്പിൽ വീണ മുത്തു" പോലെയാക്കാതെ സൂക്ഷിക്കേണ്ടതു കാതോലിക്കാസ്ഥാപനത്തിൻ കീഴിൽ ജനിച്ചു വളൎന്നു് ആ വഴിയുള്ള പട്ടത്വം, ജ്ഞാനസ്നാനം, വിവാഹം മുതലായി ക്രൂദാശപരമായ നീരുറവയിൽനിന്നും കോരി കുടിച്ചിട്ടുള്ള ഏതു സുറിയാനിക്കാരൻേറയും ചുമതലയാണു്. കൂടാതെ ഇടയ്ക്കിടെ അന്യയാലുക്കളുടെ കുതന്ത്രത്തിനു വിധേയരായി മുടക്കു് എന്ന അഗ്നേയാസ്ത്രംകൊണ്ടു് നമ്മുടെ പല തിരുമേനിമാരേയും ഉപദ്രവിച്ചു് അവരുടെ വിലതീരാത്ത ആയുസ്സു പാഴാക്കിയും സുവിശേഷവേലയ്ക്കും മററുമായി ഉപയോഗിക്കേണ്ട നമ്മുടെഒട്ടുവളരെ പണംദുർവ്യവഹാരങ്ങൾക്കു ചെലവഴിപ്പിച്ചും മററും നാഴികതോറും വിനാഴികതോറും എന്നവണ്ണം നമ്മുടെ സഭയുടെ പുരോഗതിക്കു വിഘാതമായി പ്രവൎത്തിച്ചുകൊണ്ടിരുന്ന വിദേശമേധാവികളുടെ അധികാരപ്രമത്തതയുടെ ദുർഫലങ്ങളിൽനിന്നു് നമ്മേയും നമ്മുടെ സഭയേയും നമ്മുടെ സന്താനപരമ്പരകളേയും കാത്തു സൂക്ഷിച്ചുപോരുന്ന ഈ സ്ഥാപനത്തെ പോററി പുലൎത്തേണ്ട കടമ അതിൻെറ ഗുണാനുഭോഗികളായ നമുക്കല്ലാതെ മററാൎക്കാണു്. അതുകൊണ്ടു് സഹോദരികളെ! സഹോദരന്മാരെ! നമ്മുടെ സഭയുടെ സ്വയംഭരണാധികാരത്തിനു (autonomy) വേണ്ടി ഉണൎന്നു പ്രവൎത്തിപ്പിൻ!!

സഭാംഗങ്ങളിൽനിന്നും സഹായസഹകരണങ്ങളുടെ ആവശ്യകത.

നമ്മുടെ ആവശ്യവും അപേക്ഷയും അനുസരിച്ചു് നമുക്കു കിട്ടിയ ഈ സ്ഥാപനത്തെ പോററി പുലൎത്തി കാത്തു സൂക്ഷിക്കേ

ണ്ടത്ത് ഈ സിംഹാസനത്തിന്റെ ഗുണാനുഭോഗികളായ എവരുടേയും—പുരുഷനെന്നോ, സ്ത്രീയെന്നോ, ധനവാനെന്നോ, ദരിദ്രനെന്നോ, യുവാവെന്നോ, വൃദ്ധനെന്നോ ഉള്ള വ്യത്യാസം ഇല്ലാതെ—കടമയാണല്ലോ. അങ്ങനെ ചെയ്യാതെ അതിൽപെട്ട ഓരോ സ്ഥാനികളുടേയും വ്യക്തിപരമായ ഓരോ കുററങ്ങളെ പർവ്വതീകരിച്ച് പറഞ്ഞതുകൊണ്ട് യാതൊരു ഫലവും ഉണ്ടാകയില്ലെന്നു മാത്രമല്ല അതു സമുദായത്തിന്റെ വളർച്ചക്കു അപരിഹാര്യമായ ദോഷത്തെ ഉളവാക്കുകയും ചെയ്യും. എതൊരു രാഷ്ട്രത്തിന്റെയോ സമുദായത്തിന്റെയോ കുടുംബത്തിന്റെയോ അംഗങ്ങൾ അന്യോന്യം സഹിച്ചും വഹിച്ചും സഹകരിച്ചു പ്രവൎത്തിക്കാതിരിക്കുന്നുവോ അവ എത്രതന്നെ പ്രാബല്യമുള്ളവയായിരുന്നാലും അവയ്ക്കു അധഃപതനം തീർച്ചയാണ്. (A house divided against itself annot stand.) നമ്മുടെ സഭാനേതാക്കന്മാൎക്കു എന്തെങ്കിലും കുററങ്ങൾ ഉണ്ടെങ്കിൽ തന്നേയും "യഥാപ്രജ, തഥാരാജാ" എന്നും "ആനപെററ അമ്മക്കിടാവിനെ കിട്ടുകയുള്ളു" എന്നും ഉള്ള പ്രമാണങ്ങളെ ആസ്പദമാക്കി അവരെ തെരഞ്ഞെടുത്ത നമ്മുടെയൊ നമ്മുടെ പൂൎവ്വന്മാരുടെയൊ കുററമാണെന്നുമാത്രം ഓൎത്തും നമ്മുടെ സഭ അംഗങ്ങളായ നാം എവരുടെയും പൊതു സ്വത്തായിരിക്കെ "എലിയെ തോല്പിച്ച് ഇല്ലം ചുടുന്ന"തുപോലെയുള്ള ഫലംമാത്രമാണ് നേതാക്കന്മാരോടുള്ള വ്യക്തിപരമായ നീരസത്തിനു പകരമായൊ അവരുടെ കുറവുകൾക്കു പരിഹാരമാൎഗ്ഗമായി വിചാരിച്ചൊ സഭയ്ക്കുവേണ്ടി പ്രവൎത്തിക്കാതെ നിസ്സഹരിക്കുന്നതു എന്നും മനസ്സിലാക്കി സമാധാനപ്പെടുന്നതുകൂടാതെ മനുഷ്യനായി ജനിച്ചവരിൽ മിശിഹാതമ്പുരാൻ ഒഴികെ ആരും കുററമില്ലാത്തവരല്ലെന്നും നമ്മുടെ നേതാക്കന്മാരുടെ സ്ഥാനത്തിരിക്കുന്ന ഇതരക്രൈസ്തവനേതാക്കന്മാരിൽ പലൎക്കും അതുപോലെയൊ അതിൽകൂടുതലായൊ കുററങ്ങൾ ഉണ്ടെന്ന് നാം ഓൎക്കുകയും നമ്മുടെ നേതാക്കന്മാരുടെ നല്ലവശങ്ങളെ വിചാരിച്ചു അവരെ നമുക്കു പ്രദാനം ചെയ്ത ദൈവതിരുനാമത്തെ സ്തുതിക്കുകയും തന്റെ തിരുസഭയ്ക്കു ആവശ്യമുള്ള യോഗ്യതകളോടുകൂടിയ നേതാക്കന്മാരെ തരുന്നതിന് അല്പഴപ്പോൾ നമ്മുടെ സഭയുടെ സ്ഥാപകനായ മാർതോമ്മാശ്ലീഹായുടെ

മദ്ധ്യസ്ഥപ്രാത്ഥനവഴിയായും നേരിട്ടും കരുണാവാരിധിയായ മ്ശി ഹാതമ്പുരാനിൽ അഭയംപ്രാപിക്കയും ചെയ്യാം. സകലവും നന്മക്കായിട്ടാണ് നമ്മോട്ട താൻ ഇതുവരെ പ്രവത്തിച്ചിട്ടുള്ളതെന്നു ശാന്തമായി ചിന്തിക്കുന്ന ഏവനും നിഷ്പ്രയാസം കാണാവുന്ന അനേകം സംഗതികൾ ഈ അധഃപതനകാലത്തും നമുക്കുണ്ട്.

ദൈവവിളിക്ക് അനുയോജ്യമല്ലാതെ കണ്ട യഹൂദസഭയെ ഛിന്നഭിന്നമാക്കുകയും നമ്മെപ്പോലെ അപ്പോസ്തോലിക പാരമ്പര്യവും പൌരാണികത്വവും ഒരുകാലത്തു നാനൂറുമ്പിഷോപ്പന്മാരോളം ഉണ്ടായിരിക്കതക്കവണ്ണം വിപുലവുമായിരുന്ന കാത്തേജിലെ ക്രിസ്തീയ സഭയെ കൈവെടിയുകയും ചെയ്ത ദൈവം തന്നെ കഴിഞ്ഞ രണ്ടായിരത്തോളം വർഷങ്ങളായി പല മരുഭൂമികളും, വനാന്തരങ്ങളും, ചെങ്കടലുകളും കടത്തി ഫറവോവുകളിൽ നിന്നും നമ്മെ കാത്തുസൂക്ഷിച്ചതു നമ്മെക്കൊണ്ട് തനിക്ക് യാതൊരു കാര്യസാദ്ധ്യവും ഇല്ലാഞ്ഞിട്ടെന്നോ? ആക്ക അങ്ങനെ പറയുവാനോ ചിന്തിക്കാൻ എങ്കിലുമോ കഴിയും!

നമ്മുടെ സഭയുടെ പുഷ്ടിക്കം പുലർച്ചക്കുമായി നമുക്കു ഇവിടെ ഒരു കാതോലിക്കായെ വാഴിച്ചു കിട്ടുന്നതിനു നാം തുടരെ അഭ്യത്ഥിച്ചുകൊണ്ടിരുന്നു. വളരെനാൾ അതിനു വിപരീതമായി പിടിച്ചുനിന്നവരെ കൊണ്ടുതന്നെ ദൈവം തിരുമനസ്സായി നമുക്കു കാതോലിക്കായെ തരുവിച്ചു. മിസ്രയിമിലെ അടിമയിൽ നിന്നും വിട്ടത്തി കനാനിലേക്കു ഇസ്രായേൽ മക്കളെ നടത്തിയപ്പോൾ അവരിൽ വനാന്തരങ്ങളിൽ വച്ചുണ്ടായ പ്രയാസങ്ങൾ സഹിക്കത്തക്ക ദൈവാശ്രയം ഇല്ലാതിരുന്നവർ പിറുപിറുത്തുകൊണ്ടു തിരികെ പോകുവാൻ ആഗ്രഹിച്ചതുപോലെ നാമും പ്രാരംഭപ്രയാസങ്ങൾ കണ്ട് അധൈര്യപ്പെട്ടിട്ട് തൽക്കാലസുഖത്തെയും സമാധാനത്തെയും കാംക്ഷിച്ചുകൊണ്ടു നമ്മുടെ മെത്രാച്ചനെ നാം അയച്ചു മേലാൽ കാതോലിക്കാ ഇല്ലാതെ കഴിഞ്ഞുക്കൂടിയാലൊ എന്നും കൂടെ ആലോചിക്കാതിരുന്നില്ല. എങ്കിലും തന്റെ സൃഷ്ടികളിൽ ഏറ്റവും നിസ്സാരമായി വിചാരിക്കപ്പെട്ട് കാശിനു രണ്ടു എന്നവണ്ണമുള്ള കരികിലിനുപോലും അതിനു വേണ്ട ഭക്ഷണം കാലാകാലങ്ങളിൽ കൊടുത്തു പോരുന്ന പരമകാരുണ്യവാനായ ദൈവം ത

മ്പുരാൻ തന്റെ പുത്രവാത്സല്യാതിരേകത്താൽ ഈയൽകണക്കെ നാം ആശ്ലേഷിക്കുവാൻ പോയ തീക്കട്ടയിൽ നിന്നും ബുദ്ധിമാനായ "സമാധാനദൂതന്റെ" ബുദ്ധിയെ മന്ദീഭവിപ്പിച്ചു നമ്മെ രക്ഷിക്കുകയും അങ്ങിനെ വീണ്ടും കാതോലിക്കാ ഉണ്ടാകുവാൻ ഇടയാക്കുകയും ചെയ്തു. ഇതുകൊണ്ടും ദൈവഹിതം എന്തെന്നറിവാൻ ശക്തിയില്ലാതെയും പ്രയാസങ്ങളെയും ഞെരുക്കങ്ങളെയും ഭയന്നും മനുഷ്യബുദ്ധിയിൽ ആശ്രയിച്ചും വീണ്ടും യോജിപ്പിനുവേണ്ടി കാതോലിക്കാ മേലാൽ വേണ്ടാ എന്നു വയ്ക്കാമെന്നുള്ള വ്യവസ്ഥകളുമായി മറുഭാഗക്കാരെ നാം സമീപിച്ചു. അപ്പോഴും ഫറവോവിന്റെ ഹൃദയം കടുത്തതുപോലെ അവരുടെ ഹൃദയം കടുത്തു. ഇതെല്ലാം ഈ തേപതനത്തിൽ ഇസ്രായേല്യരുടെ രക്ഷക്കായി ദൈവം പ്രവർത്തിച്ചതുപോലെ അല്ലെന്നു ആർക്ക് പറവാൻ കഴിയും?

എന്നാൽ ഇങ്ങനെയെല്ലാം നമുക്കുവേണ്ടി ദൈവം പ്രവർത്തിച്ചുപോരുന്നുണ്ടെങ്കിലും "താൻ പാതി ദൈവം പാതി" എന്നപ്രമാണം പോലെ നമ്മുടെ ഭാഗം നാം പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. അവ എന്താണു്?

നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നങ്ങളും നമ്മുടെ കർത്തവ്യകർമ്മവും.

൧) നമ്മുടെ പൂർവ്വികന്മാർ കൂനൻ കുരിശിലെ പ്രതിജ്ഞവഴിയായും മറ്റും പല വിഷമഘട്ടങ്ങൾ തരണം ചെയ്തു നമ്മെ ഏല്പിച്ചിട്ടുള്ള അപ്പോസ്തോലിക വിശ്വാസവും പാരമ്പര്യങ്ങളും അവ വഴിയായി നമുക്കു ലഭ്യമായിട്ടുള്ള ആത്മീകവും ലൗകീകവുമായ എല്ലാനേട്ടങ്ങളും നഷ്ടമായി പോകാതെ സൂക്ഷിക്കേണ്ട ചുമതല സഭാംഗങ്ങളായ നമുക്കു ഓരോരുത്തർക്കും ഉള്ളതാണെന്നുള്ള സംഗതി നമ്മിൽ ആരും വിസ്മരിക്കരുതു്. ഇതു ദൈവദത്തമായ ഏതു ജോലിയിൽ ഇരിക്കുന്നവർക്കും മനസ്സുണ്ടെങ്കിൽ നിഷ്പ്രയാസം ചെയ്യാവുന്നതാണു്. അതിലേക്കു അംഗങ്ങളായ ഏതു വ്യക്തിക്കും ക്രിസ്തുവിൽ സ്നേഹവിശ്വാസവും സഭയെപ്പറ്റി പ്രത്യാശയും പ്രതീക്ഷയും ഉണ്ടായിരിക്കണം എന്നേയുള്ളു. സഭയുടെ ഇന്ന

ത്തെ പോരാട്ടത്തിൽ സധൈര്യം പങ്കുകൊള്ളുന്നതിന് എനിക്കു വേണ്ട സാഹചര്യങ്ങൾ തന്നല്ലോ എന്നു വിചാരിച്ച് സന്തോഷിക്കുന്ന ധാരാളം സഭാംഗങ്ങൾ ലഭ്യമായാൽ മററുള്ളവയെല്ലാം നമ്മുടെ സഭയ്ക്കു നിഷ്പ്രയാസം ലഭ്യമാകും.

ച) രാഷ്ട്രങ്ങൾ, സമുദായങ്ങൾ, കുടുംബങ്ങൾ എന്നിവയെല്ലാം അഹമഹമികയാ താന്താങ്ങളുടെ പുരോഗതിക്കായി അശ്രാന്ത പരിശ്രമം ചെയ്തു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നത്. ഈ ജീവിതമത്സരത്തിൽ ശരിയായ സംഘടന രൂപീകരിച്ച് എത്ര മുന്നോട്ടു പോകുന്നുവോ അത്ര കാലാന്തരത്തിൽ മററുള്ളവയെ പിമ്പിലാക്കി അധപതിപ്പിച്ചു മുമ്പോട്ടു പോകും. മഹാത്മാക്കൾ ഇങ്ങനെയുള്ള ഘട്ടങ്ങളിൽ ഏവം വിധം അഭിവൃദ്ധിപ്പെടുന്നവരോട് അസൂയപ്പെടാതെ മററുള്ളവക്ക് സാധിക്കാവുന്നവ എന്തുകൊണ്ട് തങ്ങൾക്കു സാധിച്ചുകൂടാ എന്ന് ശാന്തമായി വിചിന്തനം ചെയ്തു പ്രതിബന്ധങ്ങളുളെ വകവയ്ക്കാതെ ധൈര്യമായി മുമ്പോട്ടു കടന്നു പ്രവൎത്തിച്ച് വിജയം കരസ്ഥമാക്കും.

നമ്മുടെ ചുററുമുള്ള ഇതര ക്രൈസ്തവസഭകളുമായി നമ്മുടെ സഭയെ തുലനം ചെയ്താൽ, ബുദ്ധിശക്തി, സ്വാധീനശക്തി എന്നുവേണ്ടാ ഏതു പ്രേരക ശക്തിയിലാണ് നാം പിന്നോക്കമായിരിക്കുന്നത്. ഒന്നിലും നാം പിന്നോക്കമല്ലെന്നു തന്നെയുമല്ല, പലതിലും നാം ഇന്നു മുമ്പന്മാർ തന്നെയാണെന്ന് ആരാഞ്ഞു നോക്കിയാൽ ബോദ്ധ്യപ്പെടുന്നതാണ്. പ്രവൎത്തിക്കുവാൻ കഴിയുന്നവർ സ്വാർത്ഥലാഭോദ്ദേശം കൂടാതെ ത്യാഗബുദ്ധിയോടുകൂടെ പ്രവൎത്തിക്കുകയും അങ്ങനെ പ്രവൎത്തിക്കുന്നവരിൽ അല്പസ്വല്പബലഹീനവശങ്ങൾ കണ്ടാൽ ചതുരുപായങ്ങളിലൂടെ അവരെക്കൂടെ സഹകരിപ്പിച്ചു പ്രവൎത്തിപ്പിക്കുകയും ചെയ്താൽ നമുക്കു എല്ലാ കാര്യവും സാധിക്കാം.

ഈ സന്ദർഭത്തിൽ ഈ കാലഘട്ടത്തെ ഒരു ക്രൈസ്തവസഭ എങ്ങിനെ ഉപയോഗപ്പെടുത്തണമെന്നും മററും നാല്പതു വർഷങ്ങളോളമായി ലോകമൊട്ടുക്കു ചുററിസഞ്ചരിച്ചും ചക്രവൎത്തിമാർ മുതൽ സാധാരണക്കാർവരെയുള്ള വിവിധതരത്തിലുള്ള ആളുകളു

മായി ഉടമ്പെട്ടിട്ടുള്ള പ്രവൃത്തിയിൽ അഗ്രഗണ്യനായ മിസ്റ്റർ ജാൺ
ആർ. മോട്ടിന്റെ അഭിപ്രായം അറിയുന്നതു ഉപകാരപ്രദമായി
രിക്കുമെന്നു കരുതി താഴെ ഉദ്ധരിച്ചു കൊള്ളുന്നു.

"ലോകചരിത്രത്തിൽ അത്ഭുതപൂർവ്വമായവിധത്തിൽ സം
ഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ പടിവാതുക്കലത്രെ നാം
ഇപ്പോൾ നില്ക്കുന്നതു്. അതിനാൽ ഈ അവസരത്തിൽ നമ്മുടെ പ
രമപ്രധാനമായ കർത്തവ്യമെന്താണെന്നു നാം ഗ്രഹിച്ചിരിക്കേണ്ടി
യിരിക്കുന്നു. മനുഷ്യന്റെ സകല ലൌകികവ്യാപാരങ്ങളി
ലും നടപടികളിലും യേശുക്രിസ്തുവിനു അഗ്രിമസ്ഥാനം നല്കുകയും
യേശുക്രിസ്തുവിന്റെ ഉത്തമകല്പനയായ ദിവ്യശക്തിയെപ്പറ്റി
ലോകമെങ്ങും വിളംബരം ചെയ്യുകയുമാണു് നമ്മുടെ—ക്രിസ്ത്യാ
നികളുടെ—പരമപ്രധാനമായ കർത്തവ്യം. അതിൽ നിങ്ങൾ ലേശ
മെങ്കിലും സംശയിച്ചിട്ടു ആവശ്യമില്ല. അതെ, ഈ ലോകത്തിൽ
നാം അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളിൽവെച്ചു സർവ്വപ്രധാനവും
അതിപാവനവും മറ്റെന്തിനെക്കാൾ അടിയന്തിരവും, സർവ്വവ്യാ
പ്തിയുള്ളതും ഏറ്റവും ശാശ്വതവുമായ ധർമ്മം സുവിശേഷഘോഷ
ണംതന്നെയാണെന്നുള്ളതിൽ സന്ദേഹത്തിനവകാശമില്ല. അതു
നമ്മുടെ ജീവിതസരണികളെ എന്നാകെ ബാധിക്കുന്നു. അതു നമ്മു
ടെ ജീവിതത്തിന്റെ വിജയരഹസ്യം മാത്രം. ഞാൻ ഇപ്പോഴത്തെ ലോ
കസംഭവങ്ങളിൽനിന്നു നിങ്ങളുടെ ശ്രദ്ധയെ വലിക്കുന്നതു്,
ഒരു കാര്യം നിങ്ങളെ ഓർമ്മിപ്പിക്കുവാനാണു്. അതായതു്, നാം
അത്യപൂർവമായ ഒരു വെല്ലുവിളിയുടെ കാലഘട്ടത്തിലാണു ജീ
വിക്കുന്നതു് എന്നുള്ളതുതന്നെ. എങ്ങോട്ടു നോക്കിയാലും സുവിശേ
ഷവേലയ്ക്കുള്ള വാതിലുകൾ വിശാലമായി തുറന്നുകിടക്കുന്നു. ദൈ
വസേവനത്തിനും മനുഷ്യസേവനത്തിനും ഇത്രയും സന്ദർഭങ്ങൾ തി
കഞ്ഞ ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. അഭൂതപൂ
ർവ്വമായ ക്രൈസ്തവശുശ്രൂഷകൾ ഇതുപോലെ പെരുകിയ ഒരു കാല
ഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. സന്ദർഭങ്ങളുടെ മാത്രമല്ല പ്രതിബന്ധ
ങ്ങളുടെയും വെല്ലുവിളിയുടെ ഒരു കാലഘട്ടമാണിതു്. ഒന്നേറെ
ലോകസംഭവങ്ങൾക്കിടയിൽ എനിക്കു ലോകത്തിലുള്ള മഹാന്മാ
രിൽ മിക്കവരുമായി പരിചയപ്പെടുവാൻ ഇടയായിട്ടുണ്ടു്. എല്ലാ
വരും ലോകത്തിൽ എന്തോ മഹത്തായ സംഭവങ്ങൾ ഉണ്ടാകുവാൻപോ
കുന്നു എന്നുള്ള പ്രതീക്ഷയിലാണു കഴിച്ചുകൂട്ടുന്നതെന്നു എനിക്കു
തികച്ചും ബോദ്ധ്യമായിട്ടുണ്ടു്. ലോകത്തിലെ മഹാന്മാരും നേതാക്ക

വാദം മാത്രമല്ല, നാം ഗൗരവമായി അംഗീകരിക്കുന്ന ജനാധിപത്യം, വ്യക്തി സ്വാ ഹിതാനുകൂലങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് പഴിച്ചുകൂട്ടുന്നതായി ഞ നിക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തെപ്പററി പറയാനുള്ള മറെറാരു പ്രധാന ലക്ഷണം, മനുഷ്യർ പൊതുവെ മതസംബന്ധമായ കാര്യങ്ങളെപ്പററി കൂടുതലായി അറിയണമെന്നുള്ള ആഗ്രഹവും ജിജ്ഞാസയും അത്ഭുതപൂർവ്വമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്. മനുഷ്യർ, തങ്ങളുടെ ജീവിതത്തിലെ വിധിഗതികളെ ബാധിക്കുന്ന അന്തിമ പ്രശ്നങ്ങളെപ്പററി, വിജ്ഞാനതൃഷ്ണയോടുകൂടി, അഭിനിവേശത്തോടുകൂടി, ചോദ്യങ്ങൾ ചെയ്യുന്നു. അവരുടെ ചോദ്യങ്ങൾ കഴമ്പില്ലാത്ത നിസ്സാര ചോദ്യങ്ങളെന്നുവെച്ചു തള്ളിക്കളയാവുന്നവയല്ല. വ്യക്തികളുടെ വൈയക്തികമായുള്ള ചോദ്യങ്ങൾക്കു പുറമെ, ജീവിതത്തിലെ അന്തിമപ്രശ്നങ്ങളെപ്പററി പഠിക്കുന്നതിനായി മനുഷ്യർ സംഘങ്ങൾ രൂപീകരിക്കുന്നു. മതപഠനത്തിനായുള്ള സംഘങ്ങളും ക്ലാസ്സുകളും യോഗങ്ങളും ഈയിടെയായി മുമ്പുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചിട്ടുണ്ട്. ഭൂമുഖത്തു ഞാൻ കടന്നുപോകുന്ന രാജ്യങ്ങളിലെല്ലാം ഇത്തരം മതാദ്ധ്യയനപദ്ധതികൾ കാണുന്നു. ലോകസമ്മേളനങ്ങളിൽ എൻെറ ശ്രദ്ധയെ ആകർഷിക്കുന്ന മറെറാരു സംഗതി, ഇക്കാലത്തു മതസംബന്ധമായ ഗ്രന്ഥങ്ങൾ, മാസികകൾ, ലഘുലേഖകൾ ആദിയായ സാഹിത്യ പ്രസിദ്ധീകരണങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ്. അതുപോലെതന്നെ വിമർശനാസക്തിയും പണ്ടത്തെക്കാൾ വളരെയേറെ ലോകത്തിൽ വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ നാല്പതു വർഷക്കാലമായി ഞാൻ ഭൂഗോളം മുഴുവൻ നിരന്തരസഞ്ചാരം ചെയ്യുന്നു. ഇന്നത്തെപ്പോലെ ബുദ്ധിപൂർവ്വകമായ വിമർശനങ്ങളുടെ ബാഹുല്യമുണ്ടായിട്ടുള്ള ഒരു കാലം ഇതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. വിമർശനബുദ്ധി ജീവചൈതന്യത്തിൻെറ ലക്ഷ്യമാണ്. പ്രതികൂലവിമർശനമെങ്കിലുമായിക്കൊള്ളട്ടെ, യാതൊരു വിമർശനബുദ്ധിയുമില്ലാതെ മന്ദബുദ്ധികളായി, നിശ്ചേതനരായി, നിഷ്കർമ്മനിരതരായിരിക്കുന്നവരെക്കാൾ എത്രയോ ഭേദമാണ് മററവർ. പ്രതികൂലവിമർശകന്മാരായാലും അവരെപ്പററിയാണ്, യാതൊരു വിമർശനബുദ്ധിയും ഇല്ലാത്തവരെപ്പററിയുള്ളതിൽ കൂടുതൽ ആശയ്ക്കു വഴിയുള്ളത്. അവരെ കാര്യംപറഞ്ഞു മനസ്സിലാക്കിയാ

ൽ തിരിച്ചുകൊണ്ടുവരാൻ വഹിയാതില്ല. നാഗരികത്വവും ഉന്നതിയും
വിദ്യാഭ്യാസവുമില്ലാത്ത മനുഷ്യരോട് ഒരു പണിയും നടക്കു
ന്നില്ല. ശ്രീയേശുക്രിസ്തു ചില ദൈവാരാധനതത്വങ്ങൾ ലോകത്തിനു
പ്രദാനം ചെയ്തിട്ടുണ്ട്. അവയിൽ ഒന്നെങ്കിലും എന്നെങ്കിലുംപോലും
അസത്യമാണെന്നു ഫലംകൊണ്ടു തെളിയിക്കുവാൻ ലോകചരിത്ര
ത്തിന് ഇതുവരെ സാധിച്ചിട്ടില്ല; സാധിക്കയുമില്ല.”

൩. ഡോക്ടർ മോട്ടിന്റെ, മേൽ ഉദ്ധരിച്ച പ്രമാണങ്ങളെ
അനുസരിച്ചു നമ്മുടെ സഭയെപ്പറ്റി നാം ചിന്തിക്കുമ്പോൾ “നി
ങ്ങൾ ഭൂലോകം എങ്ങും പോയി സുവിശേഷത്തെ എല്ലാ ജാതിക
ളുടെയും ഇടയിൽ പ്രസംഗിപ്പിൻ” എന്നുള്ള നമ്മുടെ കർത്താവിന്റെ
ആജ്ഞകല്പന അനുസരിച്ചു പ്രവർത്തിക്കുന്ന കാര്യത്തിൽ നാം ഇ
തുവരെ കാണിച്ചിട്ടുള്ള അലസതയും തൽഫലമായി നാം അനു
ഭവിക്കുന്ന ദുരവസ്ഥകളുമാണ് ഏവരുടെയും മനസ്സിൽ ഉദിച്ചു വ
രുന്നതു. ഈ സംഗതി കഴിഞ്ഞ പല തലമുറകളായി നാമുമായി
ഇടപെട്ടിട്ടുള്ള പല മിഷ്യനറിമാരും നമ്മെ ഉൽബോധിപ്പിക്കുക
യും, നമ്മിൽ ചിന്തകന്മാരായിട്ടുള്ളവർ, നല്ലതുപോലെ ബോദ്ധ്യ
പ്പെടുകയും ചെയ്തിട്ടുള്ളതുമാണ്. ഈ സംഗതിയിൽ നമുക്ക് അ
ഭിമാനിക്കുവാനുള്ളതു പരുമല കാലംചെയ്ത പരിശുദ്ധനായ തിരു
മേനി ഏതാണ്ട് അമ്പതു വർഷങ്ങൾക്കു മുമ്പായി ജാതികളുടെ ഇ
ടയിൽ നടത്തിയ സുവിശേഷവേലയും തൽഫലമായി ആദായ
പ്പെട്ട ആത്മാക്കളെ പരുമല പള്ളിയിൽ പ്രവേശിപ്പിച്ചു കർമ്മാ
ദികൾ നടത്തിവന്നതും അദ്ദേഹത്തിന്റെ കാലശേഷം മറഞ്ഞുവി
ട്ടുപോയ ഈ ക്രിസ്തീയവേലയെ ബ: എം. പി. പത്രോസച്ചൻ
പുനർജ്ജീവിപ്പിച്ചു അദ്ദേഹം മലങ്കരയുടെ നാനാഭാഗങ്ങളിൽനി
ന്ന് മാമോദീസാ മുക്കി സത്യസഭയിലേക്കു ചേർത്ത ൧൫൦൦൦ പുറ
ജാതികളുടെയും, ബഹുമാനി ആശ്രമസ്ഥനായ ഫാദർ ബസ്ക്കീപ്പാ ഒ.
ഐ. സി. കുന്നമല, തുമ്പമൺ മുതലായ സ്ഥലങ്ങളിൽനിന്നും
ആദായപ്പെടുത്തിയ ആത്മാക്കളുടെയും മെല്ലാട്ടം മുതലായ സ്ഥല
ങ്ങളിൽ ബഹുമാനി ആശ്രമാദ്ധ്യക്ഷനായ ആബോ അലക്സിയോസ്
ഒ. ഐ. സി. ചെയ്ത വേലയുടെ ഫലമായി കിട്ടിയ പുതുക്കം ചി
ലരുടെയും കാര്യം മാത്രമാണ്. ഇതു നമ്മുടെ ചുറ്റും നിന്നുകൊ
ണ്ടു “Come over and help us” (കടന്നുവന്നു ഞങ്ങളെ സഹായി
ക്കുക) എന്നു ദീനസ്വരത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന അ

[illegible] എന്ന റിയുമ്പോൾ ഈ കാര്യത്തിൽ നാം ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു ബോദ്ധ്യപ്പെട്ടേതാനും.

(8) ഡോക്ടർ ജോൺ ആർ. മോട്ടിന്റെ മേൽ ഉദ്ധരിച്ച പ്രസംഗത്തിൽനിന്നും തെളിവായി കാണുന്നതും നമ്മുടെ അത്യാവശ്യപ്പെട്ട നടപടികളിൽ ഒന്നായി നമ്മുടെ നേതാക്കന്മാർ നമ്മെ ഉടനെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ [illegible] നമ്മുടെ [illegible] വിശ്വാസാചാരങ്ങൾ [illegible] പ്രചാരപ്പെടുത്തുന്നതിനും [illegible] വായിച്ച് അറിയണമെന്നുള്ളവർക്കും, മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, പത്രങ്ങൾ മുതലായവ പ്രസിദ്ധീകരിക്കണം. പൗരസ്ത്യ പാശ്ചാത്യ സഭാംഗങ്ങൾക്കു കാതോലിക്കാ സ്ഥാപനത്തോടും നമ്മുടെ സഭാകാര്യങ്ങളിലും മുമ്പേതന്നെ ഉള്ള താല്പര്യം കാതോലിക്കാ ബാവാ തിരുമേനിയുടെ [illegible] എത്രയുംകണ്ട് കൂടുതലായിട്ടുണ്ടെന്നുള്ളതിനു [illegible] സഭാംഗവും [illegible] എന്ന സ്ഥലത്തെ ബിഷപ്പുമായ [illegible] തിരുമനസ്സുകൊണ്ടും യൂറോപ്പിൽ [illegible] രാജ്യത്തിലെ [illegible] മെത്രാപ്പോലീത്താ ആയ [illegible] തിരുമനസ്സുകൊണ്ടും നമ്മുടെ വിശ്വാസാചാരരീതികളെപ്പറ്റി മനസ്സിലാക്കാനും മറ്റുമായി കാതോലിക്കാ ബാവാ തിരുമനസ്സിലെ അതിഥികളായി നമ്മുടെ പല കേന്ദ്രങ്ങളും ഈയിടെ സന്ദർശിച്ചു താമസിച്ചതും, ഒരു പ്രസിദ്ധ അമേരിക്കൻ പ്രസംഗകനും ഗ്രന്ഥകാരനുമായ Professor Basil Mathews സിലോണിലെ [illegible] സഭാംഗങ്ങളുമായ [illegible] പട്ടക്കാരും [illegible] തിരുമേനിമാരും [illegible] കേന്ദ്രസ്ഥാനങ്ങൾ സന്ദർശിച്ചതും,

"താരകാതൽശോഭകണ്ടു ദൂരദേശരാജരും,
മൂരുപൊന്നുകുന്തുരുക്കം കാഴ്ചവച്ചു കാണുവാൻ"

എന്നു പറഞ്ഞതുപോലെ നമ്മുടെ സഭയുടെ വിശ്വാസാചാരങ്ങളെ [illegible] കാര്യങ്ങളാൽ [illegible] ആയി മുമ്പുതന്നെ [illegible]

നാമോടു് ചേൎന്നൈക്യപ്പെട്ടിട്ടുള്ള കൊളമ്പു്, ബ്രഹ്മവാർ മുതലാ യ സ്ഥലങ്ങളിലെ റോമൻ കത്തോലിക്ക സമുദായങ്ങൾക്ക പുറമെ ഇന്ത്യയിലെ ഉൾനാട്ടുപള്ളികളിലും ആഫ്രിക്കയിലും വിട്ടുപോരും മ ലങ്കര പള്ളികളും നമ്മുടെ റീത്തോടു ചേൎന്നൈക്യപ്പെട്ടതും, ക ത്തോലിക്കാസഭാ തിരുമനസ്സിലെ കല്പനപ്രകാരം നമ്മുടെ രണ്ടു പട്ടക്കാർ അവിടെ ചെന്നു താമസിച്ചു് അവരുടെ കാൎയ്യങ്ങൾ ന ടത്തിവരുന്ന വിവരവും പത്രങ്ങൾ വഴിയായും മറ്റും ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഇതുപോലെത ന്നെ മംഗലാപുരം, തിരുനൽവേലി, തൂത്തുക്കുടി, ഗുണ്ടൂർ മുതലായ സ്ഥലങ്ങളിൽനിന്നും നമ്മോടു ചേരുവാൻ ആഗ്രഹിച്ചിരിക്കുന്ന വർ ധാരാളം ഉണ്ടു്.

൧) എല്ലാവിധമുള്ള ക്ഷേത്രങ്ങളിൽ വേലചെയ്യുന്നതിനു് പ റിപ്പും പാകതയും ഉള്ളവരും എല്ലാ കാൎയ്യപ്പാടും, ചെലവിട്ടും സന്ന ദ്ധർ സന്നദ്ധതയുള്ളവരുമായ എത്രയോ പട്ടക്കാരെ വേണ്ടിയിരി ക്കുന്നു. നമുക്ക പട്ടക്കാർ ധാരാളമുണ്ടെങ്കിലും അവരിൽ അധികം ഭാ ഗവുമെന്നല്ല, മിക്കവാറും മുഴുവൻതന്നെയും ഇതുപോലെയുള്ള ഭാര ങ്ങളും ചുമതലകളും വഹിക്കുന്നതിനു പരിശീലനം സിദ്ധിച്ചിട്ടില്ല. അതിനാൽ അവരെക്കൊണ്ടു് ഇതുവക ആവശ്യങ്ങൾക്കു ഉപ യോഗപ്പെടാതെയാണിരിക്കുന്നതു്. അതുകൊണ്ടു് നമ്മുടെ സഭയു ടെ പൊതുവെയുള്ള ഉദ്ധാരണത്തിനു്, സഭാചരിത്രം, വേദശാസ്ത്രം, തത്വജ്ഞാനം, തൎക്കശാസ്ത്രം മുതലായവയിലുംകൂടെ വിശേഷവി ധിയായി പഠിപ്പുള്ള പട്ടക്കാർ ധാരാളം ഉണ്ടാകേണ്ടതു് അത്യാ വശ്യമായിരിക്കുന്നു. അതിലേക്ക സെമിനാരിയിൽ അദ്ധ്യാപനം കൊടുക്കുന്നതിനു ഒരു തിയോളജിക്കൽ കോളേജു് ഉണ്ടാകേണ്ടിയിരി ക്കുന്നു.

൨.) അപ്പോസ്തോലിക സിംഹാസനത്തോടുള്ള ഐക്യം പ ത്തുന്നതിനു് ഏറ്റവും അത്യന്താപേക്ഷിതമായി പഠിപ്പിക്കുന്ന ഒ രു എപ്പിസ്കോപ്പൽ സഭയാണല്ലോ നമ്മുടേതു്. ആ നിലയ്ക്കു് കത്തോലിക്കൈക്യപ്രസ്ഥാനത്തെ പ്രചരിപ്പിച്ചുകൊണ്ടുപോകേണ്ടതും അ തിന്റെ എപ്പിസ്കോപ്പൽ സമ്പ്രദായത്തിൽപെട്ടവർ പഠിപ്പുള്ളവർ ആയിരിക്കേണ്ടതും അത്യാവശ്യമാണു്. അതിലേക്കു് ആളുകൾ ഇ

ണ്ടായാൽ അവരുടെ പ്രവൎത്തിപദ്ധതികൾ രൂപീകരിച്ച് അവയെ നടപ്പിൽ വരുത്തുന്നതിനും അങ്ങനെ സഭയുടെ പുനരുദ്ധാരണത്തിനും പുരോഗമനത്തിനും അവരുടെ നിത്യ ആവശ്യങ്ങൾക്കും വേണ്ട വരുമാനമാൎഗ്ഗങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

൭) സഭയുടെ നട്ടെല്ലും ഭാവിയിൽ സഭയ്ക്കുവേണ്ടി പല നിലകളിലായി പ്രവൎത്തിക്കേണ്ടവരുമായ അതാതുകാലത്തുള്ള ബാലികാബാലന്മാരെ സഭയുടെ വിശ്വാസാചാരങ്ങൾ സൺഡേസ്കൂൾ വഴിയായും പ്രസിദ്ധീകരണങ്ങൾ വഴിയായും മറ്റും പരിശീലിപ്പിക്കുകയും അവയിൽ ഉറപ്പിക്കുകയും ചെയ്യേണ്ടതു സഭയുടെ നിലനില്പിനും പുരോഗമനത്തിനും അത്യന്താപേക്ഷിതമായ മറ്റൊരു സംഗതിയാണ്.

൮) നമ്മുടെ ആത്മീയദിഷ്ടതികൾ നടത്തിത്തരുന്നതിനുവേണ്ട പഠിപ്പും പരിജ്ഞാനവുമുള്ള പട്ടക്കാരുണ്ടാകണമെങ്കിലും ഉണ്ടായാൽത്തന്നെ അവർ അതിൽ ജാഗ്രൂകന്മാരായി കാണപ്പെടണമെങ്കിലും അവരുടേയും അവരുടെ കുടുംബാംഗങ്ങളുടേയും ജീവിതസന്ധാരണത്തിനുള്ള വരുമാനങ്ങൾ പരാശ്രയംകൂടാതെ കിട്ടത്തക്കവണ്ണം ഉണ്ടാകേണ്ടിയിരിക്കുന്നു.

൯) സഭാദ്ധ്യക്ഷന്മാർ നിശ്ചയിക്കുന്ന കാൎയ്യങ്ങൾ സഭാംഗങ്ങളുടെ ഇടയിൽ അപ്പഴപ്പോൾ പ്രചരിപ്പിച്ച് അവയുടെ നടത്തിപ്പിലേക്ക് അവരുടെ സഹായസഹകരണങ്ങളെ അഭ്യൎത്ഥിക്കുന്നതിനും നമ്മുടെ പ്രാൎത്ഥനാക്രമങ്ങൾ, ആരാധനാക്രമങ്ങൾ മുതലായവയെ അച്ചടിച്ച് സുലഭമായി പ്രചരിപ്പിക്കുന്നതിനും മറ്റും ഒരു അച്ചടിയന്ത്രം മറ്റൊരു അത്യാവശ്യ സംഗതിയാണ്.

നിധിപിരിവിനുള്ള അത്യാവശ്യവും അതിലേക്കുള്ള സംഘടനയും.

രാജാക്കന്മാർ, ചക്രവൎത്തിമാർ എന്നിങ്ങനെയുള്ള സ്ഥാനികൾപോലും തങ്ങളുടെ പ്രജകളിൽനിന്നും പല ഇനങ്ങളിലായി കരംപിരിച്ചു തങ്ങളുടെ സ്ഥാനവലിപ്പത്തിനനുസരണമായ ചെലവുകളും പ്രജകളുടെ ക്ഷേമത്തെ ഉദ്ദേശിച്ചുള്ള പൊതുകാൎയ്യങ്ങളും നട

തിവരെവ, നാനാമുഖങ്ങളിലായി നമ്മുടെ സഭയുടെ പുരോഗമനത്തിന് എന്നതന്നെയല്ല അതിന്റെ നിലനില്പിനു തന്നെയും ഏററവും അത്യാവശ്യമായ മേല്പറഞ്ഞ സംഗതികൾക്കായി താഴെപ്പറയുന്ന നിശ്ചയങ്ങൾ ൧൧൧൦-ാമാണ്ടു ധനുമാസം ൧൧-ാംനു- കോട്ടയം എം. ഡി. സിമ്മനാരിയിൽ മലങ്കരയിലെ അനേകം പള്ളിപ്രതിനിധികളുടേയും എല്ലാ തിരുമേനിമാരുടേയും സാന്നിദ്ധ്യത്തിൽ മോറാൻ മാർ ബസേലിയോസ് കാതോലിക്കാബാവാ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷൻ മഹായോഗത്തിൽവച്ചു പാസ്സാക്കിയതു് ഏററവും അനുചിതമാണല്ലോ.

“മലങ്കരസഭയുടെ നിലനില്പിനും ബഹുമുഖമായ പുരോഗമനത്തിനും ഒഴിച്ചുവയ്ക്കുവാനോ മാററിവയ്ക്കുവാനോ നിവൃത്തിയില്ലാത്ത ആവശ്യമായ ഒരു ധനശേഖരം, സഭാംഗങ്ങളായ സകല ആളകളുടേയും ഹൃദയപൂർവ്വകമായ സഹകരണത്തോടുകൂടെ നിർവ്വഹിക്കുന്നതിലേക്കായി താഴെപ്പറയുന്ന പദ്ധതി അനുവദിച്ചിരിക്കുന്നു.

൧) സ്ഥിരമായ മാസപ്പടിയോ ആദായമോ ഉള്ള വ്യക്തികളെ നേരിട്ടു കണ്ടോ കത്തിടപാടുമൂലമോ പണപ്പിരിവു നടത്തുന്നതിനായി മെസ്സേഴ്സ് കെ. സി. മാമ്മൻമാപ്പിള, ഏ. എം. വക്കി എന്നിവരേയും ഒരു ക്ലിപ്തദിവസത്തിൽ സഭാംഗങ്ങളായ സകല ആളുകളുടേയും ഭവനങ്ങളിലേക്കു് ആളുകളെ നിയോഗിച്ചുയച്ചു്, അവരവരുടെ ശക്തി അനുസരിച്ചുള്ള ഏതെങ്കിലും സംഖ്യ വാങ്ങി സ്വരൂപിക്കുന്നതിനു് ആവശ്യമുള്ള ഏർപ്പാടുകൾ സ്വരൂപിച്ചുണ്ടാക്കി നടപ്പിൽ വരുത്തുന്നതിനായി, ദിവ്യശ്രീ ഫാദർ എം. സി. കുറിയാക്കോസ് അവർകളേയും, റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകളേയും സബ്കമ്മിട്ടികളായി നിശ്ചയിച്ചു.

൨) സബ്ബ്കമ്മിട്ടിക്കാർ ഇങ്ങനെ വസൂലാക്കുന്ന സംഖ്യകൾ കോട്ടയം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേയും, മെ. ഏ. എം. വക്കി, കെ. സി. ചാക്കോ എന്നിവരുടേയുംപേരിൽ അംഗീകരിക്കപ്പെട്ട ബാങ്കുകളിൽ അപ്പഴപ്പോൾ നിക്ഷേപിക്കേണ്ടതാകുന്നു.

ന.) ഇങ്ങനെ വസൂലാക്കുന്ന സംഖ്യയിൽ ഇരുപതിനായിര ത്തൊന്നിൽ കുറയാത്ത ഒരു സംഖ്യ മിഷ്യനറിജോലിക്കായി വിനിയോഗിക്കേണ്ടതാകുന്നു.

ശ) മേൽവിവരിച്ച തത്വങ്ങൾക്കനുസരണമായി ഈ സം ഖ്യകൾ ഇന്നിന്ന വിധത്തിൽ വിനിയോഗിക്കേണമെന്നുള്ളതിനെ പ്പററി മാനേജിംഗ്കമ്മട്ടിക്കു ഉപദേശംചെയ്യുന്നതിനായി നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമന സ്സുകൊണ്ട് അദ്ധ്യക്ഷനായും, ദിവ്യശ്രീമാന്മാരായ ഫാദർ അബ്ര ഹാമോസ്, ഫാദർ എം. സി. കുറിയാക്കോസ്, ഒ. യു. എം. വർക്കി, കെ. സി. ചാക്കോ എന്നിവർ മെമ്പർമാരായും ഉള്ള ഒരു സബ് കമ്മട്ടിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

ഈ സബ്കമ്മട്ടിയുടെ നിർദ്ദേശം അനുസരിച്ചോ അതി ൽ കുറയാത്തതോ ആയ സംഖ്യകൾ അനുവദിക്കയോ കമ്മട്ടിയു ടെ നിർദ്ദേശങ്ങൾ വിസമ്മതിക്കയോ ചെയ്യാനുള്ള പരമാധികാ രം മാനേജിംഗ് കമ്മട്ടിക്ക് ഇരിക്കുന്നതാണ്. എന്നാൽ സബ് കമ്മട്ടിയുടെ നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത സംഗതികൾക്കായി യാതൊരു സംഖ്യ വിനിയോഗിക്കുന്നതിനോ ഏതെങ്കിലും ഒരു ഇനത്തിൽ, കമ്മട്ടി ഉപദേശിച്ചിട്ടുള്ളതിൽ കൂടുതൽ സംഖ്യ അനു വദിക്കുന്നതിനോ, മാനേജിംഗ്കമ്മട്ടിക്ക് അധികാരം ഉണ്ടായി രിക്കുന്നതല്ല. ഈ കമ്മട്ടിയിലേക്ക് അസോസിയേഷൻ മാനേ ജിംഗ്കമ്മട്ടി പിന്നീടൊരിക്കൽ ദിവ്യശ്രീ ററി. എസ്. അബ്രഹാം കത്തനാർ അവർകളെ കൂടുതലായി ചേർത്തിട്ടുണ്ട്. മേൽ വിവരി ച്ച തത്വങ്ങൾക്കു വിപരീതമല്ലാത്ത വിധത്തിൽ ഈ പദ്ധതി വി പുലമാക്കി നടപ്പിൽ വരുത്തുന്നതിനുള്ള ചുമതല മേല്പറഞ്ഞ ക മ്മട്ടിയെത്തന്നെ ഭരമേല്പിച്ചിരിക്കുന്നു. അവതാരകൻ കെ. സി. മാമ്മൻമാപ്പിള, അനുവാദകൻ ഒ. എം. ചെറിയാൻ."

"പ്രസ്തുത നിശ്ചയമനുസരിച്ചു മ. രാ. രാ. കെ. സി. മാമ്മൻമാപ്പി ള അവർകൾ, മ. രാ. രാ. ഒ. എം. വർക്കി അവർകൾ എന്നിവർ പ്രതിമാസം ക്ലിപ്തമായ പണവരവുള്ള സമുദായാംഗങ്ങളിൽനിന്ന് പണം പിരിച്ചുചേരുന്ന നിധിസംഭരണത്തിന്റെ ഒരു ശാഖ, പ്ര തിമയെ കവിഞ്ഞു കൂടുതൽ ഫലപ്രദമാകുമെന്നാണ് പൊതു

ോത്സാഹിക്കപ്പെടുന്നതു്. നമ്മുടെ സമുദായത്തിൽ ഗൗരവകാര്യ പ്രബോധനം ചെയ്യുന്നതിനു് ആവശ്യമായ ഉൽക്കർഷം തികഞ്ഞ ഈ ഉൽകൃഷ്ടന്മാർ ചെയ്യുന്ന പ്രേരണം, ആ ശാഖയിലേക്കു പണം വരുന്നതിൻെറ ഒരു പ്രധാന കാരണമാണു്, എന്നതിലേക്കു സംശയമില്ലാ. എന്നാൽ അവർ ആവശ്യപ്പെടുന്ന വലിയ സംഖ്യകളെ ഭാവി നിരീക്ഷണ ചതുരന്മാരായ അഭ്യസ്തവിദ്യന്മാർ വിശാലമായി അനുകൂലിക്കുന്നതു്—നമ്മുടെ നിധി നിർവ്വഹണപ്രസ്ഥാനം, സുസ്ഥാനസ്ഥിതമാണു് എന്നതിലേക്കു, സാധാരണന്മാർക്കു് ഒരു തെളിവുകൂടെയായി. ഈ ശാഖയെ നിർവ്വഹണം ചെയ്യുന്നതിനു് '111-ാമാണ്ടു കുംഭമാസം 9-ാംനു- കൂടിയ അസോസിയേഷൻ കമ്മററിയിൽ മി: പത്രോസുമത്തായി, മി: കെ. എം. മാത്തൻമാപ്പിള, മി: സി. പി.' തരകൻ, *മി: പി. എം. ജേക്കബ്ബ് എന്നിവരെയും നിശ്ചയിച്ചിട്ടുണ്ടു്."

ഈ നിശ്ചയങ്ങൾ അനുസരിച്ചു് റാവുസാഹിബ് ഒ. എം. ചെറിയാൻ അവർകളുടെ അനന്യസാധാരണമായ സംഘടനാവൈഭവത്തിൻേറയും സഭയിലെ ബഹുജനങ്ങളുടെ സഹായസഹകരണങ്ങളുടേയും ഫലമായും എല്ലാററിലും ഉപരിയായി ദൈവത്തിൻെറ അളവററ കൃപയാലും ഇദംപ്രഥമമായി ഒററദിവസംകൊണ്ടു മലങ്കരസഭയ്ക്കു കിട്ടിയ നിധിയുടേയും നിധിയുടെ രണ്ടാംഭാഗമായ ക്ലിപ്തകാല മാസവരുമാനമുള്ള സഭാംഗങ്ങളിൽനിന്നും മററുമായി 1936 ജൂൺ 13-ാംനു-വരെ പിരിഞ്ഞുകിട്ടിയ സംഖ്യകളുടേയും കണക്കു് നമ്മുടെ സഭാംഗവും ഒരു ചാർട്ടേർഡ് അക്കൌണ്ടൻറുമായ മി: ജെ. കെ. തോമസ്സ് എ. സി. എ. പരിശോധിച്ചു് സാക്ഷിപ്പെടുത്തിയിട്ടുള്ളതിലേക്കു് താങ്കളുടെ ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

(കണക്കു മറുപുറത്തു കാണുക)

---

* സംപൂജ്യനും വിശാലമാനസനുമായ ഇദ്ദേഹം ഇതിനുശേഷം നിര്യാതനാകയും അങ്ങിനെ സുറിയാനി സമുദായത്തിനു് പൊതുവേയും ഓർത്തഡോക്സ് സുറിയാനി സഭക്കു് പ്രത്യേകിച്ചും അപരിഹാര്യമായ നഷ്ടത്തിനു് ഇടയായല്ലോ എന്നു് ഞങ്ങൾ ഖേദിക്കുന്നു.

കാതോലിക്കാനിധി.

ശമ്പളക്കാരിൽനിന്നുള്ള പിരിവിന്റെ 1936 ജൂൺ 13-ാംനു-ക്ക് 1111 മിഥുനം 3-ാംനു- വരെയുള്ള വരവുചെലവു കണക്ക്.

വരവ്	രൂ.	ണ.	സ.
നാലു ഗഡുവക പിരിഞ്ഞ വരവ്	2714	14	5
ആകെ	2714	14	5

ചെലവ്	രൂ.	ണ.	സ.	രൂ.	ണ.	സ.
ക്ലാർക്കിന്റെ ശമ്പളവും മററു ആപ്പീസുചെലവുകളും	77	5	1			
അച്ചടി, എഴുത്തുകുത്ത്, സ്റ്റേഷനറി	131	2	1			
പിരിവിനു ചുമതലപ്പെട്ട ഏജന്റന്മാരുടെ ചെലവുകൾ	24	4	3			
വാഗ്ദത്തം വാങ്ങുന്നതിനും വാഗ്ദത്തംചെയ്തവരെ കാണുന്നതിനും യാത്രച്ചെലവ്	70	3	0	302	14	5
നീക്കിബാക്കി				2412	0	0
ആകെ				2714	14	5

കാതോലിക്കാനിധി ട്രസ്റ്റികളുടെ

1936 ജൂൺ 13-ാംനു-ക്ക 1111 മിഥുനം 3-ാംനു- വരെയുള്ള വരവുചെലവുവിവരം കണക്ക്.

വരവ്	രൂ.	ണ.	സ.	രൂ.	ണ.	സ.
ഉദ്യോഗസ്ഥന്മാരിൽനിന്നും പിരിഞ്ഞ വക				2412	0	0
വീട്ടുതോറുമുള്ള പിരിവിനത്തിൽ ട്രസ്റ്റികളെ ഏല്പിച്ച വക	17406	1	11			
ടിയിൽ തിരിവുനാണയങ്ങൾ തള്ളിയതു്	81	3	10	17324	14	1
പലിശ വരവ്				24	5	7
ആകെ				19761	3	8

ചെലവ്	രൂ.	ണ.	സ.	രൂ.	ണ.	സ.
ക്ലാർക്കിന്റെ ശമ്പളവും മററു ആപ്പീസ് ചെലവുകളും	77	5	1			
അച്ചടി, എഴുത്തുകുത്ത്, സ്റ്റേഷനറി	[illegible]	[illegible]	[illegible]			

	രൂ.	ണ.	സ.	രൂ.	ണ.	സ.
ബാങ്കിന്റെ കമ്മീഷൻ	5	11	0	148	9	1
മിഷ്യനറിവേലയ്ക്ക കൊടുത്തത്	685	0	0			
തിയോളജിക്കൽകോളേജിനു സംഭാവന	650	0	0			
കാതോലിക്കാബാവാ തിരുമേനിക്കും മറ്റു തിരുമേനിമാർക്കും കൊടുത്തത്	2500	0	0			
ഡിസ്ത്രിക്ട് സെക്രട്ടറിമാർക്ക്	702	4	2			
സണ്ടേസ്ക്കൂൾസമാജത്തിനു സംഭാവന	100	0	0			
സമുദായസിക്രട്ടറിക്ക അലവൻസും ക്ലാർക്കിനു ശമ്പളവും	465	0	0	5102	4	2
ബാങ്കുകളിൽ നിക്ഷേപം:—						
ഇമ്പീരിയൽബാങ്കിൽ സ്ഥിരം ഡിപ്പോസിറ്റ്	10000	0	0			
ടിയിൽ കറന്റ ഡിപ്പോസിറ്റ്	3609	12	2			
തിരുവിതാംകൂർ നാഷ്യനൽബാങ്കിലും പയനിയർബാങ്കിലുംകൂടെ ഡിപ്പോസിറ്റ്	900	10	3	14510	6	5
ആകെ				19761	3	8

For the Trustees,
(Sd). A. M. Varkey,
Jt. Trustee.

ആലുവാ
13—6—36

Examined & found correct.

(ഈ കണക്ക പരിശോധിച്ചതിൽ ശരിയെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നു)

Madras,
2—10—'36

(Sd) J. K. Thomas, A. C. A.
Chartered Accountant,
Honorary Auditor.

നിധിപിരിവുകാര്യത്തിൽ അദ്ധ്യസ്ഥവിദ്യന്മാരുടെ ചുമതല.

മറുവശത്തു ചേർത്തിരിക്കുന്ന കണക്കിൽ നിന്നു, അദ്ധ്യസ്ഥവിദ്യരും ദൈവാനുകൂല്യത്താൽ ഓരോ വിധത്തിൽ നല്ലതും വലിയതുമായ താലന്തുകളെ കൈകാര്യം ചെയ്വാൻ ഭാഗ്യം സിദ്ധിച്ചവരുമായ നാം ലജ്ജയോടുകൂടെ തലകുനിച്ചു സമ്മതിക്കേണ്ടതായ ചില സംഗതികൾ തെളിഞ്ഞു കാണാവുന്നതാണ്.

൧) നാലഞ്ചു ലക്ഷത്തോളംവരുന്ന ഒരു ജനസമുദായമായ നാം മേൽവിവരിച്ചപ്രകാരമുള്ള പല മഹൽകാര്യങ്ങളെ മുൻനിറുത്തി നടത്തിയ പിരിവുവഴിയായി ഇത്രമാത്രം തുഛമായ സംഖ്യമാത്രമെ പിരിച്ചെടുക്കുവാൻ സാധിച്ചുള്ളുവല്ലോ എന്നുള്ളതും അതിനുള്ള പ്രധാന കാരണം നമ്മുടെ ഓരോരുത്തരുടേയും സഹകരണക്കുറവാണ് എന്നുള്ളതും അത്രെ. [എങ്കിലും ഇതിനുമുമ്പ് നമ്മുടെ പല നേതാക്കന്മാരും ഓരോ പിരിവുകൾ നടത്തുകയും അങ്ങനെ കിട്ടിയ സംഖ്യകൾ ശരിയായ കണക്കോ ചുമതലയോ ഇല്ലാതെ ചെലവഴിച്ച് ബഹുജനങ്ങളെ അധൈര്യപ്പെടുത്തുകയും, പല തലമുറകളായി വ്യവഹാരം മൂലവും അന്തഃഛിദ്രം വഴിയായും സമുദായബോധം നശിച്ചു കിടക്കുന്ന സഭാംഗങ്ങളിൽനിന്നും, അസൂയാലുക്കളും കക്ഷിവൈരാഗ്യത്താലും മററും മദോന്മത്തരുമായ പലരുടേയും എതിർ പ്രചരണവേല ഉണ്ടായിരുന്നിട്ടും, ഈ സാമ്പത്തികാധഃപതനകാലത്ത് ഇത്രയും സംഖ്യ ഒരു ദിവസംകൊണ്ടു പിരിച്ചെടുക്കുവാൻ സാധിച്ചു എന്നുള്ളതിൽനിന്നും, പണത്തിൻെറ അഭാവം നമ്മുടെ സമുദായോൽക്കർഷത്തിന് ഒരു പ്രതിബന്ധമായി വരുമെന്നു ചിന്തിക്കേണ്ടതില്ല എന്നു ബോദ്ധ്യപ്പെടുന്നതാണ്.]

൨) നിധിപിരിവിൻെറ സംഗതിയിൽ നാമിൽ പലരും കഴിയുന്നതു പ്രവർത്തിച്ചിരിക്കെ ഈ കുററാരോപണം അല്പം അസ്ഥാനത്തല്ലേ എന്നു പലക്കും തോന്നിയേക്കാം. ആ ധാരണയെ വിദൂരീകരിക്കുന്നതിലേക്കു ചില സംഗതികൾ തുറന്നു പറയുന്നതിൽ അദ്ധ്യസ്ഥവിദ്യരായ സഹോദരീ സഹോദരന്മാർ സദയം അവയെ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

സമാചാരപത്രങ്ങളിലൂടെ നമ്മുടെ കഴിഞ്ഞ തലമുറകളിലെ സഹോദരന്മാരെ [illegible] ഇന്ന് കേരളത്തിലുള്ള [illegible] ക്കളെ [illegible] സ്വധർമ്മത്തിൽ [illegible] അത്യ ന്തവിമുഖത [illegible] ഉള്ളവരുമായ [illegible] ന്മാരുടെ സംഖ്യ ക [illegible] വരുന്നു [illegible] ന്ന പലരും, ഈ പരിവർത്തനം മുതലപ്പെട്ടവർ അതിന്റെ ആവ ശ്യകതയെപ്പറ്റിയും, മറ്റും സാധാരണന്മാരായ ബഹുജനങ്ങളുടെ ഇടയിൽ ശക്തിയായ പ്രചാരണവേല നടത്തിക്കൊണ്ടിരിക്കവെ, [illegible] മുന്നോട്ടിറങ്ങി താന്താങ്ങളിൽനിന്നും സഭാമാത്രം [illegible] ആവശ്യപ്പെട്ടിട്ടുള്ള ഒരു [illegible] (വ[illegible]) പ [illegible] വാഗ്ദാനം ചെയ്യുകയും, ആ വാ ഗ്ദാനത്തെ നിറവേറ്റുകയും ചെയ്തു ബഹുജനങ്ങളെ ഉത്സാഹിപ്പിക്ക യും അങ്ങനെ പരിവർത്തനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതി നുപകരം, പരിഹാസ വിളികൊണ്ട് ഒളിച്ചുകളിക്കുകയോ, തങ്ങളുടെ [illegible] ചുമതലകളെ നിറവേറാതിരിക്കുകയോ [illegible] അതിന്റെ [illegible] തങ്ങളെ [illegible] ആവശ്യപ്പെട്ടിട്ട്. തല്ക്കാലം അവരിൽനിന്ന് ഒഴിഞ്ഞുമാറി [illegible] സമ്മതിച്ച് ഏ ഴുതി കൊടുക്കുകയും പിന്നീട് [illegible] ന്യായങ്ങൾ പറ ഞ്ഞ് ആ വാഗ്ദാനത്തിൽനിന്നും വിമുക്തി നേടാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് ചെയ്തിട്ടുള്ളതെന്ന് "വിധവയുടെ കാശ്" എന്നവ ണ്ണം ചില്ലറ തുകകളായി ബഹുജനങ്ങളിൽനിന്നും കിട്ടിയ സംഖ്യ [illegible] രൂപായോളം ഉണ്ടായിരിക്കെ ശോധനക്കാരുടെ ആ തീയതിയിലുള്ള വാഗ്ദത്തസംഖ്യ പതിനായിരത്തോളം മാത്രമാ ണെന്നും * അതിൽ പിരിഞ്ഞുകിട്ടിയതു രണ്ടായിരം രൂപായിൽ താഴെ മാത്രമാണെന്നും മേൽ ചേർത്തിട്ടുള്ള കണക്കിൽനിന്നും കാ

---

* ഇങ്ങനെ വാഗ്ദത്തംചെയ്തവരിൽ പലരും ഇതിനകം തങ്ങളുടെ വാഗ്ദ ത്തസംഖ്യ തന്നു തീർത്തുവെന്നും മറ്റു പലരും മാസംതോറും തന്നുകൊണ്ടിരിക്കുന്നു എന്നുള്ള സംഗതിയും അങ്ങിനെ പ്രതിമാസം [illegible] രൂപയോളം പിരിഞ്ഞു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട് എന്നുള്ള സംഗതിയും ഈ സന്ദർഭത്തിൽ ഇ വിടെ കൃതജ്ഞതയോടുകൂടെ രേഖപ്പെടുത്തിക്കൊള്ളുന്നു. [illegible] വാഗ്ദത്തംചെ യ്തവരുടെ പേരും അവർ തന്ന സംഖ്യകളുടെയും മററും വിശദമായ വിവരങ്ങ ളും അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന സഭാമാസികയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുന്നതാണ്. [illegible] സംഭാവന കളും [illegible] പ്രസിദ്ധീകരിക്കുന്ന [illegible] ത്തെന്നും ഉദ്ദേശിച്ചിരിക്കുന്നതിനാൽ ആ ഭാഗം ഇവിടെ ചുരുക്കുന്നു.

ണെന്നും [illegible] മതും നിരാശാജനകമായിരിക്കുന്നു എന്നുള്ളതാണ് ഒറെറാരു സംഗതി.

ഇങ്ങനെ അറിഞ്ഞും അറിയാതെയും നമ്മുടെ സമുദായത്തിന്റെ ഗുണോൽക്കർഷത്തിനുവേണ്ടി പല പ്രവൃത്തിപദ്ധതികൾക്കായി ആവശ്യം വേണ്ട മൂലധനസംഭരണത്തിലേക്ക സംഭാവന ചെയ്തു അവരുടെ കടമയെ നിറവേറ്റുന്നതിന് ഇതേവരെ സാധിക്കാതിരുന്നിട്ടുള്ളവർ, അതിലേക്ക കൂടുതൽ സൌകര്യവും വേണ്ട അവസരവും ഉണ്ടാകേണ്ടതാണെന്ന കരുതിയും, തങ്ങളോട് ആവശ്യപ്പെടാത്തതോ മററുവിധത്തിൽ ഈ പിരിവു സംബന്ധിച്ച് അറിയാതിരുന്നിട്ടോ ആണ് ഇതിൽ ഭാഗഭാക്കുകാൻ സാധിക്കാതെയിരുന്നതെന്നോ ഉള്ള പഴിക്കിടയാകരുതെന്നു കരുതിയാണ മാനേജിംഗുകമ്മിറ്റിയിൽനിന്ന് നിധിയുടെ ഈ ശാഖാപിരിവു തുടരുന്നതിന വേണ്ട വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതനുസരിച്ച് ഓരോ ഇടവകകളിലെയും ബ: വികാരിമാരുടെ സഹായസഹകരണങ്ങളിൽ അതാതു ഇടവകകളിലെ അംഗങ്ങളായി തങ്ങളുടെ മററു സമുദായങ്ങളിൽനിന്ന വ്യത്യസ്തമായി ദൈവകൃപയാൽ സ്ഥിരവരുമാനം ലഭിക്കുന്നതിന സൌഭാഗ്യമുണ്ടായി കഴിഞ്ഞുകൂടുന്നവരുടെ പേരും മേൽവിലാസവും വരുത്തി അതിലേക്കുള്ള എല്ലാവിധ അഭ്യർത്ഥനകൾ അയച്ചുവരുന്നതും ആകുന്നു.

പിരിഞ്ഞുകിട്ടിയ പണത്തിന്റെ വിനിയോഗത്തെപ്പററിയുള്ള തെററിദ്ധാരണകൾ.

ഇനിയും ഈ നിധിപിരിവിനെ സംബന്ധിച്ചും, അങ്ങനെ പിരിഞ്ഞു കിട്ടുന്ന പണത്തിന്റെ വിനിയോഗത്തെപ്പററിയും ജനതാമദ്ധ്യത്തിൽ അസൂയാലുക്കളും സ്വാർത്ഥലോലുപന്മാരുമായ ചിലർ പരത്തിയിട്ടുള്ള തെററിദ്ധാരണകളെ നീക്കുന്നതിന്, ഏതാനും ചില സംഗതികൾകൂടെ, മേൽപ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾക്ക പുറമെ, പറഞ്ഞുകൊണ്ട് ഈ പ്രത്യേകപത്രത്തെ ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു.

൧) പിരിഞ്ഞുകിട്ടുന്ന പണം സൂക്ഷിക്കുന്നതിനും, അതു ധൂർത്തഗതിയായും, ഗാഢമായ ആലോചന കൂടാതെയും, അതിന്റെ സ്ഥാപനോദ്ദേശങ്ങൾക്ക വിപരീതമായും ചെലവിട്ടുപോകാതിരിക്കുവാനും വേണ്ട എല്ലാ കരുതലുകളും ചെയ്തിട്ടുണ്ടെന്ന മേൽ വിവ

ിച്ച അതിന്റെ ഭരണനിർവ്വഹണസമ്പ്രദായങ്ങളിൽനിന്നും ഏറ്റ കരെ പ്രത്യക്ഷമാണല്ലൊ. അതിന്റെ വിനിയോഗത്തെപ്പറ്റിയൊ അതിൽനിന്നു ചെലവഴിച്ചു് പരിപോഷിപ്പിച്ചുവരുന്ന സംഗതികളെ ഓരോന്നിനെപ്പറ്റിയൊ നമുക്കു ഓരോരുത്തൎക്കും വ്യക്തിപരമായി ചില അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരിക്കാമെങ്കിലും, മലങ്കരസഭയുടെ പ്രതിപുരുഷന്മാരുടെ പൊതുയോഗത്തിൽവച്ചു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അറുപതിൽപരം പ്രതിപുരുഷന്മാരടങ്ങിയ മാനേജിംഗുകമ്മട്ടിയോഗവും മേലദ്ധ്യക്ഷന്മാരുടെ സുന്നഹദോസും പ്രത്യേകം പ്രത്യേകം ദീൎഘമായ വാദപ്രതിവാദത്തിനുശേഷമായെടുക്കുന്ന്യാ പാസ്സാക്കുന്ന ഓരോ ചെലവിനങ്ങൾ മാത്രമെ ഈവക പണംകൊണ്ടു നടപ്പിൽ വരുത്തുവാൻ സാധിക്കയുള്ളു.

൨) ശേഖരിക്കുന്ന പണം എല്ലാം—ആപ്പീസു സംബന്ധമായ തപാൽ, അഞ്ചൽ മുതലായ ചെലവിനു് ഒഴിച്ചുള്ള സംഖ്യകളെല്ലാം—ട്രസ്റ്റികൾ മൂന്നുപേരുടേയും പേരിൽ ഇമ്പീരിയൽബാങ്കിൽ അപ്പഴപ്പോൾ നിക്ഷേപിക്കുന്നതും, അവർ മൂന്നുപേരും യോജിച്ചു് ചെക്കുമൂലം ആവശ്യപ്പെട്ടെങ്കിൽ മാത്രമെ, അങ്ങനെ നിക്ഷേപിക്കുന്ന ഏറ്റവും ഇളതായ സംഖ്യപോലും തിരിച്ചെടുക്കുവാൻ സാധിക്കയുമുള്ളു.

൩) മേല്പറഞ്ഞ വ്യവസ്ഥകളിൽനിന്നും മാനേജിംഗുകമ്മട്ടി അംഗങ്ങളിൽ നാലോ പത്തോ അംഗങ്ങൾപോലും ഒന്നുചേൎന്നു് സ്വാൎത്ഥോദ്ദേശത്തിനു് ഈ പണത്തിൽ ഏതെങ്കിലും അംശം ചെലവിടണമെന്നു വിചാരിച്ചാൽപോലും സാദ്ധ്യമല്ലെന്നുള്ളതും, ഇതിൽപരം സുരക്ഷിതാവ്യവസ്ഥകളോടുകൂടെ ക്രയവിക്രയം ചെയ്യുന്ന പൊതുമുതലുകൾ അധികം എങ്ങും കാണുകയില്ലെന്നും നമ്മുടെ സഭയ്ക്കു് ഇതുവരെ ഉണ്ടായിട്ടില്ലെന്നും ഉള്ള സംഗതി പ്രത്യക്ഷമാണല്ലൊ. കൂടാതെ മാനേജിംഗുകമ്മട്ടി അംഗങ്ങൾക്കു സഭയുടെ പ്രതിനിധികൾ എന്ന നിലയിൽ അതിന്റെ വിനിയോഗം സംബന്ധിച്ച കാൎയ്യങ്ങളിൽ തുല്യ അധികാരാവകാശങ്ങൾ ഇരിക്കെ ചുരുക്കം ചിലരുടെ തോന്ന്യാസങ്ങൾക്കൊ അപഹരണത്തിനൊ ആയി ഈ പണം വിട്ടുകൊടുത്തുകൊണ്ടു മററുള്ളവർ മിണ്ടാതിരിക്കണമെന്നു വിചാരിക്കുന്നതു മനുഷ്യബുദ്ധിക്കു യോജിക്ക...

മറ്റു പ്രത്യേകിച്ചു സ്വതന്ത്രബുദ്ധികളായ നമ്മെപ്പററി ആരും ആരും വിശ്വസിക്കുന്നതുമല്ല.

പ്രയാസങ്ങളും ശോധനകളും വിജയശ്രീയുടെ മുന്നോടിമാത്രം.

അവസാനമായി നമ്മുടെ സഭയുടെ ഇപ്പോഴത്തെ സ്ഥിതി കണ്ട് അതിന്റെ ഭാവിയെപ്പററി നിരാശപ്പെടുന്നവരുടെ ശ്രദ്ധയ്ക്കു രണ്ടുമൂന്ന് ആശയങ്ങൾ കൂടെ വിഷയീഭവിപ്പിച്ചുകൊണ്ട് ഈ പ്രകടനപത്രികയെ ഉപസംഹരിച്ചുകൊള്ളാം.

൧) സ്വന്തരാജ്യം തനിക്കും തന്റെ സന്തതിപരമ്പരകൾക്കുമായി കൊടുക്കാമെന്നു വിശ്വാസികളുടെ പിതാവായ അബ്രഹാമിനോടു ദൈവം വാഗ്ദാനം ചെയ്യുകയും അതനുസരിച്ചു താൻ ജനിച്ചുവളർന്ന രാജ്യത്തെയും തന്റെ മാതാപിതാക്കന്മാരെയും ബന്ധുക്കളെയും വിട്ടുപിരിഞ്ഞു പുറപ്പെടുകയും ചെയ്ത നമ്മുടെ പിതാവായ അബ്രഹാമിനു ദൈവത്തിലും തന്റെ വാഗ്ദത്തത്തിലുമുള്ള വിശ്വാസത്തെ ദൈവം, തനിക്ക് ഇല്ലാതിരുന്ന് ഉണ്ടായ പുത്രനെ ബലികഴിപ്പാൻ ആവശ്യപ്പെട്ടുകൊണ്ടു വീണ്ടും പരീക്ഷിച്ചതും, ആ ദൈവവിളിക്കനുസരണമായി യാതൊരു മനോചാഞ്ചല്യവുംകൂടാതെ തന്റെ ഏകപുത്രനെ വിളിച്ചുകൊണ്ട് അവനെ ബലിയായി അർപ്പിക്കുവാൻ അബ്രഹാം പുറപ്പെട്ടതും, വഴിമദ്ധ്യേ ഇസഹാക്കും അബ്രഹാമും തമ്മിലുള്ള സംഭാഷണങ്ങളും, സ്ഥിരവിശ്വാസിയായിരുന്ന അബ്രഹാമിന് അനുഭവിച്ച് അവസാനം ഉണ്ടായ അനുഗ്രഹങ്ങളും, നമ്മുടെ സഭയെപ്പററിയും അതിന്റെ നിലനില്പിനായി തന്നെ കാതോലിക്കാ സ്ഥാപനത്തെപ്പററിയും സംശയിക്കുന്ന പല്ലു് അജ്ഞാനവാദികൾക്കു (Sceptic) ആശയും ഉന്മേഷവും താനെ ഉള്ളവാക്കുമെന്നു വിശ്വസിക്കുന്നു.

൨) നമ്മുടെ രക്ഷിതാവായ മ്ശിഹാതമ്പുരാന് തന്റെ ഇഹലോകജീവിതത്തിലെ ആദ്യത്തെ മുപ്പതു തിരുവയസ്സുകാലത്തു യാതൊരു പരീക്ഷയും കൂടാതെ ജീവിച്ചു. തന്റെ പരസ്യശുശ്രൂഷകാലത്തിൽ ഒന്നിനൊട്ട് ഞാനൊന്നുമാത്രം പുറമെ പ്രതിഷ്ഠിക്കപ്പെ

ടുമ്പോൾ തനിക്കുണ്ടായ പരീക്ഷകളും അവയിൽനിന്നെല്ലാം താൻ രക്ഷപെട്ടതും, സഭയെപ്പറ്റി നിരാശയിൽ ജീവിക്കുന്ന ഒരുവൾക്കു ആശ്വാസത്തിനും ധൈര്യത്തിനും സഹായമായിത്തീരുമെന്നു വിശ്വസിക്കുന്നു.

൩) "[illegible] യല്ല സഭയുടെ ഉയർച്ചയും വളർച്ചയും നോക്കേണ്ടതു്—പ്രത്യുത, [illegible] ഇന്നു [illegible] സമിതിയിൽ വന്നുചേർന്നിരിക്കുന്നതു് എന്നു നോക്കിയിട്ടുവേണം അതിന്റെ ഉൽക്കർഷാപകർഷങ്ങൾ നിർണ്ണയിക്കേണ്ടതു്."

അതുകൊണ്ടു് സഹോദരിമാരെ! സഹോദരന്മാരെ! നിങ്ങൾക്കു കിട്ടിയിട്ടുള്ള [illegible] ദൈവത്തിന്റെ [illegible] നിങ്ങളുടെ പൂർവ്വന്മാർ ചെയ്തിട്ടുള്ള നല്ല [illegible] കിട്ടിയിട്ടുള്ളവയാണെന്നു് ഓർത്തു ദൈവത്തെ സ്തുതിക്കുക. ദൈവത്തിന്റെ ഈ [illegible] പ്രതിനിധിയായ തിരുസഭയ്ക്കുവേണ്ടിയും അതുവഴിയായി നിങ്ങളെപ്പോലെ [illegible] നിങ്ങളുടെ [illegible] ഉദ്ധാരണത്തിനായുമുള്ള [illegible] നിങ്ങളുടെ [illegible] ചെയ്യുക.

"For what are men better than sheep or goats that nourish a blind life, if knowing God, they lift not their hands of prayer (*and I would add, their wealth and influence*) both for themselves and those who call them friends." And also remember that "Self-interest is a dull and gross thing, once discovered; it is sensual, and shared by man in common with the beasts; and that it is the man who acts withont self—interest whose actions, whether wise or not, are most interesting, because they are derived from that which after all most clearly distinguishes humanity from other creatues, the voice of conscience."

ര്) ലോകരംഗത്തിലെ പ്രവൃത്തികളിൽ എന്നപോലെതന്നെ സഭാസംബന്ധമായ പ്രവർത്തനങ്ങളിലും നമ്മുടെ കൃത്യങ്ങൾ നാം നിറവേറേണ്ടതായിട്ടുണ്ടു്. അതിൽ അന്യോന്യം അനുരൂപപ്പെടാതെ ഓരോരുത്തരും സഹകരിച്ചു പ്രവർത്തിക്കുമ്പോൾ സഭാന്തരീക്ഷത്തിൽ നാം ഇപ്പോൾ കണ്ടുപോരുന്ന അന്തഃഛിദ്രങ്ങളും അസ്വാതന്ത്ര്യങ്ങളും, നിരാശാജനകമായ കാർമേഘപടലങ്ങളും താനെ നീങ്ങി എല്ലാം നന്മയ്ക്കായി പരിണമിക്കും. നമ്മുടെ സഭ അതിന്റെ പൂർവ്വിക മഹിമയിൽ എത്തിച്ചേരുകയും ചെയ്യും. നിശ്ചയം തന്നെ.

"Do the Scriptures hold out any comfort to the child of God in such days as these? Yea, verily they do, thank God."

"As in the storm which wrecked the ship in which Paul sailed, as recounted in Acts 27, they cast anchors from the stern and from the foreship to save it from the rocks; so it seems to us, that God has given us two anchors, which if we cast out, may save us not from the bare rocks, but from over-fear-fulness and over-anxiety. The stern anchor is found in the Old Testament: "Surely (blessed word) the wrath of man shall praise Thee: *the remainder of wrath shalt Thou restrain.*" (Ps. 76. 10) The fore anchor is found in the New Testament: "Upon this rock I will build My Church; and *the gates of hell shall not prevail against it.*" (Mt. 16: 18)

"The 'ship of civilization' may sink—the Church is destined to soar: civilization may be destroyed—the Church of God is to be perfected; the world may be heading for a 'great catastrophe'-the Church is heading for glory: society may be committing suicide—but the Church has laid hold of eternal life".

"The voice of Paul was heard above the storm bringing cheer and comfort to the distressed mariners,

soldiers and passengers: 'Wherefore, sirs, be of good cheer: for I believe God, that it shall be even as it was told me.' Another voice, greater than that of the Apostle to the Gentiles, ringing over the noise of breakers, reaches the anointed ear: 'Let not your heart be troubled: ye believe in God, believe also in Me.................... I go to prepare a place for you............... I will come again, and receive you unto Myself, that where I am, there ye may be also; and if we listen again we may hear the words: 'In the world ye shall have tribulation: but be of good cheer; I have overcome the world.' Let us also believe God".

Bear in mind therfore the following and do your bit for your Church which is the visible representative of Christ on earth.

"The servants carried only common water from the spring (at the feast at Cana), but with Christ's blessing the water became good wine. So it always is when we do what Christ bids us to do—our most prosaic work leaves heavenly results. No labour is in vain which is wrought in the Lord. Our commonest work amid life's trivialities, in business, in the household, which seems like the carrying of water to be emptied out again, is transformed into radiant service like angel ministry, and leaves glorious results behind."

"Christ takes into His confidence those who serve Him. Those who do Christ's will know of His doctrine, and see His ways of working. It is in the self-denying service that most of His glory appears".

"The world gives its best first, and the worst comes afterwards. It is so in the chase for wealth, power, fame—gratification first, and then painful disappointment. In grace, however, this is reversed. Christ Himself had humiliation, darkness, and the shame of the cross,

then exhaltation, power, glory." Let us therefore learn for ever that in everything christian there are self-denial and cross-bearing, but out of these experiences comes a holy peace that fills all the heart."

"You may not understand this now because you cannot yet see the end. The Master Himself knows just what He is going to bring out of each strange work of His, and therefore He is not perplexed. He says now to us, as He did to His desciples, that we also shall know hereafter (St. John XIII—7). We shall see the cloud as it departs, glorified by the rainbow arching its dark folds. We shall see the tangles resolving into lovely grace and beauty."

"Some time, when all life's lessons have been learned,
And sun and stars for ever more have set,
The things which our weak judgments here have spurned,
The things o'er which we grieved with lashes wet,
Will flash before us, out of life's dark night,
As stars shine most in deeper tints of blue;
And we shall see how all God's plans were right,
And how what seemed reproof was love most true."

തിരുവല്ലാ }
1—3—'37 }

എന്നു് നിങ്ങളുടെ വിനീതവിധേയൻ,

പി. എം. ജേക്കബ്ബ്.

കാതോലിക്കാനിധി

ഈ നിധിയിലേക്കു സംഭാവന ചെയ്‌വാൻ മനസ്സാകുന്ന സ്ഥിരവരുമാനമുള്ള സഭാംഗങ്ങൾ എവരുടേയും ഗാഢമായ ശ്രദ്ധയ്ക്കു്.

1) ഓരോരുത്തരും അവരവരുടെ ഒരുമാസത്തെ ശമ്പളമൊ മററു സ്ഥിരവരുമാനമൊ സംഭാവന ചെയ്യണമെന്നും അതു യഥോചിതം മാസംതോറുമുള്ള ഓരോ ഗഡുക്കളിലായി കൂടിയതു ഇരുപത്തിനാലു മാസത്തിനകം അടച്ചു തീക്കണമെന്നുമാണ് സഭാമാതാവു തന്റെ ഈ വിഷമഘട്ടത്തിൽ എവം വിധസൗകര്യമുള്ള തന്റെ മക്കൾ എവരോടും ആവശ്യപ്പെടുന്നതു്.

2) അങ്ങിനെ കൊടുക്കുവാൻ തീർച്ചയാക്കുന്നവർ വിവരം താഴെ കാണുന്ന മേൽവിലാസത്തിൽ അറിയിച്ചുതരണമെന്നപേക്ഷ. അപ്പോൾ അവർ പൂരിപ്പിച്ചയച്ചുതരേണ്ട അച്ചടിച്ച പ്രത്യേക ഫാറം (അതിന്റെ ഒരു പ്രതിയും മേൽവിലാസം എഴുതിയ ഒരു കൂടും ഇതിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടു്) അയച്ചു കൊടുക്കുന്നതും അതു പൂരിപ്പിച്ചു സംഭാവനയായി നിശ്ചയിക്കുന്ന സംഖ്യയിൽ ഒരു അംശത്തോടുകൂടെ അയച്ചു തരികയും വേണം.

3) കാതോലിക്കാ സ്ഥാപനം മലങ്കരയിൽ സ്ഥാപിച്ചിട്ടു് ഇരുപത്തിയഞ്ചു് വർഷം തികയുന്നതു 1113 കന്നിമാസത്തോടുകൂടെയാണെന്നും ആ അവസരത്തെ "രജതജൂബിലി") ഏററവും ആഘോഷമായി കൊണ്ടാടുകയും, കാതോലിക്കാസ്ഥാപനം വഴിയായി നമ്മുടെ സഭയ്ക്കു ഈ കാലഘട്ടത്തിനിടയിൽ ദൈവം പ്രദാനം ചെയ്തിട്ടുള്ള നാനാമുഖങ്ങളായ നന്മകൾക്കുവേണ്ടി ദൈവത്തോടുള്ള നമ്മുടെ കൃതജ്ഞതയെ എല്ലാ ഇടവകപള്ളികളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തിയും വിശുദ്ധബലി അർപ്പിച്ചും പ്രദർശിപ്പിക്കണമെന്നും മററും മാനേജിംഗു കമ്മട്ടിയിൽ നിശ്ചയിച്ചു് അതിലേക്കുള്ള പ്രചരണവേലകൾ നടത്തിവരുന്ന വിവരം സഭാംഗങ്ങളായ എവരും ഇതിനകം അറിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ആ ജൂബിലി ആഘോഷത്തെ തുടർന്നുണ്ടാകുന്ന പൊതുയോഗത്തിൽ വച്ചു് ആ സ്ഥാപനോൽക്കർഷത്തെ ഉദ്ദേശിച്ചു് നാം ആരംഭിച്ചിട്ടുള്ള ഈ ഫണ്ടു്, അതു മൂലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പല നല്ല കാര്യങ്ങളിൽ ഒന്നുരണ്ടെണ്ണമെങ്കിലും ഉടനെ നടപ്പിൽ വരുത്തത്തക്കവണ്ണം ഇരുപത്തയ്യായിരം രൂപാകൂടെയെങ്കിലും അതിനകം ശേഖരിക്കുവാൻ സ്ഥിരവരുമാനമുള്ളവരായ സഭാംഗങ്ങൾ എവരും ഉള്ളു തുറന്നു മനസ്സുവച്ചു പ്രവർത്തിച്ചാൽ നിഷ്പ്രയാസം സാധിക്കാം. അങ്ങനെ സാധിക്കുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ഇതിലേക്കുള്ള സംഭാവനകളും ഇതുസംബന്ധമായ എഴുത്തുകളും

മി: പി. എം. ജേക്കബു്,
പുരയ്ക്കൽ, തിരുവല്ലാ.

എന്ന മേൽവിലാസത്തിൽ അയയ്ക്കണം.